"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - എഞ്ചിനീയറിങ് വിഭാഗം- കോട്ടുവള്ളി ഗ്രാമ പഞ്ചായത്ത്- കരിപറമ്പ് തോട് സൈഡ് കെട്ടി സംരക്ഷണം വാർഡ് 5 പ്രോജക്ടിലെ ക്രമക്കേട്- ഉദ്യോഗസ്ഥർക്കെതിരായ അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

---

തദ്ദേശസ്വയംഭരണ(EWA) വകുപ്പ്

സ.ഉ.(സാധാ) നം.204/2026/LSGD തീയതി,തിരുവനന്തപുരം, 26-01-2026

---

പരാമർശം:-

1. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.03.2024-ലെ LSGD/PD/28826/2023-VIGC1 നമ്പർ കത്ത്.
2. 25.03.2024-ലെ 169/EWA3/2023/തസ്വഭവ നമ്പർ കുറ്റപത്രം/കുറ്റാരോപണ പത്രിക.
3. ശ്രീമതി മഞ്ജു പി.വാസു, AEE, അസിസ്റ്റൻറ് എൻജിനീയർ ശ്രീ.സിജി മത്തായി, ഓവർസിയർ ശ്രീ.രാജേഷ് പി.കെ. എന്നിവർ സമർപ്പിച്ച 6.05.25-ലെ പ്രതിവാദപത്രിക.
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.01.2025 തീയതിയിലെ LSGD/PD/28826/2023-VIGC1 നമ്പർ കത്ത്.
5. GO(Rt) No.1301/2025/LSGD dtd 26-05-2025.
6. ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ സമർപ്പിച്ച 27.08.25 ലെ EE/Gnl/01/2025 നമ്പർ ഔപചാരിക അന്വേഷണ റിപ്പോർട്ട്.

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാരുടെ വികസനത്തിനും ക്ഷേമത്തിനും വേണ്ടിയുള്ള പ്രളയ ദുരിതാശ്വാസഫണ്ട് ചെലവഴിച്ചതുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം. നീലാംബരൻ സമർപ്പിച്ച പരാതിയിന്മേൽ തദ്ദേശസ്വയംഭരണവകുപ്പ് പ്രൻസിപ്പൽ ഡയറക്ടർ നടത്തിയ അന്വേഷണത്തിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ *S0 24/20 കരിപറമ്പ് തോട് സൈഡ് കെട്ടി സംരക്ഷണം വാർഡ് 5* എന്ന പ്രോജക്റ്റിൽ നിർവഹണ ഉദ്യോഗസ്ഥർ പരിസരവാസികളുടെ അപേക്ഷയോ വിശദാംശങ്ങൾ രേഖപ്പെടുത്തിയ പഞ്ചായത്ത് തീരുമാനമോ ഇല്ലാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രൊജക്റ്റ് ഭേദഗതി ചെയ്യാതെയും റീടെൻഡർ നടത്താതെയും ആദ്യത്തെ കരാറുകാരനെക്കൊണ്ടുതന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് പ്രവൃത്തി നിർവഹണം

നടത്തിയതായും തോടിലെ ചെളി ജെ.സി.ബി ഉപയോഗിച്ച് വാരുമ്പോൾ സൈഡ് സംരക്ഷണ ഭിത്തി പൊളിഞ്ഞുപോയത് പുനർനിർമ്മിച്ചു എന്ന് ബോധ്യപ്പെട്ടുവെന്നും മുമ്പുണ്ടായിരുന്ന കരിങ്കല്ല് എന്തുചെയ്തുവെന്ന് വ്യക്തമല്ലയെന്നും സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള തുക കരാറുകാരനിൽനിന്നും ഈടാക്കാതെ റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി പ്രോജക്ടിൽ നിന്നും ചെലവഴിച്ചതിനാൽ സർക്കാർ ഫണ്ട് നഷ്ടം വന്നുവെന്നും പരാമർശം (1) പ്രകാരം പ്രൻസിപ്പൽ ഡയറക്ടർ കണ്ടെത്തിയിരുന്നു.

2. മേൽപ്പറഞ്ഞ ക്രമക്കേടുകൾക്ക് ഉത്തരവാദികളായ 1)നിർവ്വഹണ ഉദ്യോഗസ്ഥൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സിജി മത്തായി, 2) ചെക്ക് മെഷർമെന്റ് നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി മഞ്ചു പി.വാസു 3)വർക്ക് സൂപ്പർവിഷൻ നടത്തിയ ഓവർസീയർ ശ്രീ.രാജേഷ് പി.കെ. എന്നിവർക്കെതിരെ KCS(CC&A) Rules 1960-ലെ റൂൾ 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രം/കുറ്റാരോപണ പത്രിക പരാമർശം (2) പ്രകാരം നൽകി അച്ചടക്കനടപടി ആരംഭിച്ചു.

3. കുറ്റപത്രത്തിന് ശ്രീമതി മഞ്ചു പി.വാസു, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച പ്രതിവാദപത്രികയിൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് വാർഡ്-5 കരിപറമ്പ്തോട് സംരക്ഷണത്തിനായുള്ള പദ്ധതി പട്ടികജാതി ഫണ്ട് ഉപയോഗിച്ച് നടത്തുന്ന പദ്ധതിയായതിനാൽ പട്ടികജാതി വികസന ഓഫീസർ നൽകിയ ഫിസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കിയതെന്നും ഈ പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് PRICE software-ൽ കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എൻജിനിയർ തയ്യാറാക്കുകയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും ടിയാളുടെ പരിശോധനയ്ക്ക് ശേഷം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയർ 30/01/20ൽ 109269/2019-20 നമ്പർ പ്രകാരം 22.50 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി നൽകി എന്നും, ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർ, 2/AE/20-21 നമ്പർ പ്രകാരം 20/05/2020-ൽ കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടു എന്നും, വർക്ക് ആരംഭിച്ച സമയത്ത് തോടുകളിലെ മണ്ണും ചെളിയും പൂർണ്ണമായും മാറ്റിയാൽ മാത്രമേ എസ്.സി. കുടുംബങ്ങൾ താമസിക്കുന്ന ഭാഗത്തെ വെള്ളക്കെട്ട് ഒഴിവാക്കാൻ സാധിക്കുകയുള്ളുവെന്ന കോളനി നിവാസികളുടെ അഭിപ്രായപ്രകാരമുള്ള സ്ഥലത്തെ വാർഡ് മെമ്പറുടെ ശിപാർശ 30/06/2020-ൽ നടന്ന പഞ്ചായത്ത് കമ്മറ്റിയിൽ വരികയും, കമ്മറ്റി തീരുമാനം നമ്പർ 1(6) പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുവാനും റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ച് പദ്ധതി പൂർത്തികരിക്കുന്നതിനും അസിസ്റ്റന്റ് എൻജിനീയറെ ചുമതലപ്പെടുത്തിയെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അംഗീകരിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതും പൂർത്തികരിച്ചതുമെന്നും പ്രസ്തുത നിർമ്മാണത്തിന്റെ ഭാഗമായി 17/09/20-ൽ തോട്ടിൽ അടിഞ്ഞുകൂടിയ മണ്ണിന്റെ ഇനിഷ്യൽ ലെവൽ എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തോടിന്റെ ആഴം കൂട്ടിയശേഷം 15/02/21-ൽ ഫൈനൽ ലെവൽ എടുത്ത് ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും തുടർന്ന് PWD മാനുവൽ അനുസരിച്ചും PWD A കോഡും D കോഡും പാലിച്ച് സംസ്ഥാന സർക്കാർ നിഷ്കർഷിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും പാലിച്ചാണ് പദ്ധതി പൂർത്തീകരിച്ചിരിക്കുന്നതെന്നും ടി പദ്ധതി പൂർത്തീകരിച്ച ശേഷം യാതൊരു വെള്ളക്കെട്ടും പ്രസ്തുത പ്രദേശത്ത് ഉണ്ടായിട്ടില്ലയെന്നും കൂടാതെ ശ്രീ.രതീഷ്, ശ്രീ.തങ്കപ്പൻ എന്നിവരുടെ

വസ്തുവിനോട് ചേർന്നുള്ള കരിങ്കൽകെട്ട് ഈ പ്രവൃത്തി തുടങ്ങുന്നതിനു മുൻപായി തന്നെ ഇടിഞ്ഞു പോയിട്ടുള്ളതാണെന്നും ആയത് തോട്ടിലെ ചെളിയിലേയ്ക്ക് വീഴുകയും പൂർണ്ണമായും ചെളിയിലേക്ക് ആഴ്ന്നു പോവുകയും ചെയ്തിട്ടുള്ളതാണെന്നും ടിയാൾ അറിയിക്കുന്നു.

4. അസിസ്റ്റൻറ് എൻജിനീയറായിരുന്ന ശ്രീ.സിജി മത്തായി, ഓവർസിയറായിരുന്ന ശ്രീ.രാജേഷ് P.K. എന്നിവർ സമർപ്പിച്ച പ്രതിവാദപത്രിക ശ്രീമതി മഞ്ജു പി.വാസു സമർപ്പിച്ച പ്രതിവാദപത്രികയുടേതിന് സമാനമാണ്.

5. കുറ്റാരോപിതരുടെ പ്രതിവാദപത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച പരാമർശം (4) അഭിപ്രായക്കുറിപ്പിൽ റീടെണ്ടർ നടത്താതെ ആദ്യത്തെ കരാറുകാരനെ കൊണ്ട് തന്നെ സപ്ലിമെന്ററി എഗ്രിമെന്റ് വച്ച് പ്രവൃത്തി നിർവ്വഹണത്തിന് അനുമതി നൽകിയത് ശരിയായ നടപടിയല്ലയെന്നും തോട്ടിലെ ചെളി ജെ.സി.ബി ഉപയോഗിച്ച് വാരിയപ്പോൾ സംരക്ഷണഭിത്തി ഇടിഞ്ഞതിനാൽ ലഭിച്ച കരിങ്കല്ല് എന്തുചെയ്തുവെന്നത് സംബന്ധിച്ചും സംരക്ഷണഭിത്തി പുനർനിർമ്മിക്കുന്നതിനുള്ള തുക കരാറുകാരിൽനിന്നും ഈടാക്കാത്തത് സംബന്ധിച്ചും ഉദ്യോഗസ്ഥർ മറുപടി സമർപ്പിച്ചിട്ടില്ല എന്നും ഓവർസിയർ ശ്രീ.രാജേഷ്-ന്റെ ഭാഗത്തുനിന്ന് പ്രവൃത്തിയുടെ നിർവ്വഹണസമയത്ത് കൃത്യമായ സൂപ്പർവിഷൻ നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നും എസ്റ്റിമേറ്റ്പ്രകാരം തന്നെയാണോ പ്രവൃത്തിനടക്കുന്നത് എന്നത് ഉറപ്പുവരുത്തുന്നതിൽ നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സിജി മത്തായിയുടെ ഭാഗത്തും മേൽപ്പറഞ്ഞവർ പ്രവൃത്തിയിൽ കൃത്യമായ മേൽനോട്ടം വഹിച്ചിരുന്നോ എന്നത് ബിൽ ചെക്ക്മെഷർചെയ്യുന്ന വേളയിൽ ഉറപ്പുവരുത്തുന്നതിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി മഞ്ജു പി.വാസു-വിന്റെ ഭാഗത്തും വീഴ്ച സംഭവിച്ചതായി പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെട്ടു.

6. നടപടിക്രമങ്ങളുടെ ഭാഗമായി പരാമർശം (6) പ്രകാരം സമർപ്പിയ്ക്കപ്പെട്ട ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്തുകളുടെ വാർഷികപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗരേഖയായ GO(MS) No.72/2017/ത സ്വ ഭ വ തീയതി 29-03-2017 (13th PLAN GUIDELINE ലെ ഖണ്ഡിക 8.5(iv) പ്രകാരം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ പൊതുമരാമത്തു മാനുവൽ പ്രകാരമുള്ള നിബന്ധനകൾ പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും KERALA PWD MANUAL 2012-ലെ ഖണ്ഡിക 1601.1.6 പ്രകാരം ഒറിജിനൽ പ്രൊജെക്റ്റിൽ വിഭാവനം ചെയ്തിരിക്കുന്ന ഏതെങ്കിലും പ്രവൃത്തികൾ ഒഴിവാക്കുകയോ കൂട്ടിചേർക്കുകയോ മാറ്റംവരുത്തുകയോ ചെയ്യേണ്ടിവരുന്ന സാഹചര്യത്തിലും അംഗീകാരം ലഭിച്ച ഒറിജിനൽ നിർമ്മാണപ്രവൃത്തിയിൽ ഘടനാപരമായ മാറ്റങ്ങൾ ആവശ്യമാണെങ്കിലും റിവൈയ്സ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി നടപ്പിലാക്കാവുന്നതാണെന്ന് പ്രതിപാദിച്ചിട്ടുണ്ടെന്നും, ഒരു നിർമ്മാണ പ്രവൃത്തി നടപ്പിലാക്കുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യമായി വരികയാണെങ്കിൽ കാലതാമസംകൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ടെന്നും, ഈ പ്രവൃത്തിയിൽ നിർവഹണം തുടങ്ങിയ സമയത്തുതന്നെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായി വരികയും ആയതിനു പഞ്ചായത്തു കമ്മിറ്റിയുടെ തീരുമാനം (REVISED) ലഭ്യമാക്കിയ ശേഷം റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വിശദമായ റിവൈസ്ഡ് എസ്റ്റിമേറ്റ് റിപ്പോർട്ടോടുകൂടി എക്സിക്യൂട്ടീവ് എൻജിനീയർക്കു സമർപ്പിച്ചു അംഗീകാരം വാങ്ങിയശേഷമാണ് പ്രവൃത്തി

നടപ്പിലാക്കിയിട്ടുള്ളതെന്നും റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന തോട്ടിൽ അടിഞ്ഞു കൂടിയിരുന്ന മണ്ണിന്റെ INITIAL LEVELS, CTE-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും പ്രവൃത്തി പൂർത്തിയായതിനു ശേഷം FINAL LEVELS- ഉം CTE-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതായും ആയതിനാൽ നടപടിക്രമങ്ങളെല്ലാംപാലിച്ച് ടി പ്രവൃത്തി നടപ്പിലാക്കിയിട്ടുള്ളതായി കാണുന്നു എന്നും ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച ഉണ്ടായിട്ടില്ലയെന്നും കൂടാതെ പ്രവൃത്തി നടപ്പാക്കിയതുമൂലം പ്രസ്തുതപ്രദേശത്തെ വെള്ളക്കെട്ട് പൂർണ്ണമായും ഒഴിവാക്കാൻ കഴിഞ്ഞതായി സ്ഥലപരിശോധനയിൽ ബോധ്യമായിട്ടുണ്ടെന്നും ചെളി നീക്കുന്നതിനോടൊപ്പംലഭിച്ച കരിങ്കല്ലുകൾ ACCOUNT ചെയ്ത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്തതു ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയായി കണക്കാക്കാമെന്നും ഇതുമൂലം സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുള്ളതായും ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥ അറിയിച്ചു.

7. നടപടിക്രമങ്ങളുടെ ഭാഗമായി കുറ്റാരോപിതരെ 14/11/2025-ൽ വകുപ്പ് അണ്ടർ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. അനാരോഗ്യം മൂലം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി മഞ്ചു പി.വാസു ഓൺലൈനായാണ് ഹിയറിംഗിൽ പങ്കെടുത്തത്. കുറ്റാരോപിതർ പ്രതിവാദപത്രികയിലെ അതേവാദങ്ങൾ ആവർത്തിക്കുകയുണ്ടായി. ആദ്യത്തെ എസ്റ്റിമേറ്റിൽ dismantling എന്ന പ്രവൃത്തി ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. പ്രളയം കഴിഞ്ഞുള്ള പ്രവൃത്തിയായതിനാൽ കരിങ്കല്ല് account ചെയ്യപ്പെടാത്തതായിരിക്കാം എന്ന് ഹിയറിംഗിൽ പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥ അഭിപ്രായപ്പെട്ടു.

8. പ്രൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട്, കുറ്റാരോപിതർ സമർപ്പിച്ച പ്രതിവാദ പത്രിക, പ്രൻസിപ്പൽ ഡയറക്ടറുടെ അഭിപ്രായ കുറിപ്പ്, ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥയുടെ റിപ്പോർട്ട്, ഹിയറിംഗിൽ കേട്ട കാര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു.

1) സംരക്ഷണഭിത്തിനിർമ്മാണം തുടങ്ങിയസമയത്ത് ഉപയോക്താക്കളുടെയും നാട്ടുകാരുടെയും അഭ്യർത്ഥന പരിഗണിച്ച് മുഴവൻ തോടും ചെളിമാറ്റി നീരൊഴുക്ക് വർദ്ധിപ്പിച്ച് സംരക്ഷണഭിത്തി ഇടിഞ്ഞുപോയഭാഗത്ത് പുനർനിർമ്മിക്കുവാനുള്ള വിശദമായ ചർച്ചകൾക്ക് ശേഷം എസ്റ്റിമേറ്റ് റിവൈസ്ചെയ്ത് പദ്ധതി നടപ്പാക്കുവാൻ തീരുമാനിച്ചതായി മുൻ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2) പരാതി നൽകിയ ശ്രീ.കെ.എം.നീലാംബരൻ മറ്റൊരു കത്തിൽ കരീപ്പറമ്പ്തോട്സൈഡ് സംരക്ഷണം എന്ന പദ്ധതി ആവശ്യാനുസരണം പുന:ക്രമീകരിക്കുവാൻ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതായും പ്രവൃത്തി നടപ്പായതായും ഈ ലക്ഷ്യം പൂർണ്ണമായി നിറവേറിയതായി ബോധ്യപ്പെട്ടതിനാൽ ഇതുമായി ബന്ധപ്പെട്ട് നൽകിയ പരാതി സ്വമേധയാ പിൻവലിക്കുന്നു എന്നും അറിയിച്ചിട്ടുള്ളതായി കാണുന്നു.

3 ) ടി പ്രവ്ൃത്തിയിൽ സാമ്പത്തികനഷ്ടം ഉണ്ടായതായി 2020-21 വർഷത്തെ കേരള സംസ്ഥാന ഓഡിറ്റ് റിപ്പോർട്ടിൽ വന്നിട്ടില്ല എന്ന് കോട്ടുവള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 02.09.2024-ലെ റിപ്പോർട്ട് പ്രകാരം പി ഡി റിപ്പോർട്ട് നൽകിയിട്ടുണ്ട്. സ്ഥലനിവാസികളുടെ ആവശ്യാനുസരണമാണ് തോട് വൃത്തിയാക്കിയതും അതുവഴി സുരക്ഷാഭീഷണി സംഭവിച്ച ശ്രീ.തങ്കപ്പൻ, ശ്രീ.രതീഷ് എന്നിവരുടെ വസ്തുവിന്റെ

സംരക്ഷണഭിത്തി കൂടി നിർമ്മിക്കുകയാണ് ചെയ്തതെന്നും ആയതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലായെന്നും വ്യക്തമായിട്ടുണ്ട്.

9. മേൽസാഹചര്യത്തിൽ കോട്ടൂവള്ളി ഗ്രാമപഞ്ചായത്തിലെ *കരീപ്പറമ്പ് തോട് സൈഡ് കെട്ടി സംരക്ഷണം വാർഡ് 5-* എന്ന പ്രോജക്ടുമായി ബന്ധപ്പെട്ട് ശ്രീ.കെ.എം.നീലാംബരൻ സമർപ്പിച്ച പരാതിയിൽ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ.സിജി മത്തായി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീമതി മഞ്ജു പി.വാസു, ഓവർസീയർ ശ്രീ.രാജേഷ് പി.കെ. എന്നിവർക്കെതിരെ KCS(CC&A) Rules 1960-ലെ റൂൾ 15 പ്രകാരം കഠിനശിക്ഷയ്ക്കുള്ള കുറ്റപത്രംനൽകി സർക്കാർ ആരംഭിച്ച അച്ചടക്കനടപടിയിൽ, പ്രസ്തുത പ്രവൃത്തിയിൽ ടിയാളുകളുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടില്ലായെന്ന് വ്യക്തമായ സാഹചര്യത്തിൽ, ടിയാൾക്കാർക്കെതിരെ ശിക്ഷാനടപടികൾ എടുക്കേണ്ടതില്ല എന്ന് തീരുമാനിച്ച് ടിയാൾക്കാരെ "കുറ്റവിമുക്തരാക്കി" അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DIPUKUMAR S L
അണ്ടർ സെക്രട്ടറി

1. ശ്രീമതി മഞ്ജു പി.വാസു, അസി.എക്സി.എഞ്ചിനിയർ (നിലവിൽ തൃശ്ശൂർ ജില്ലാ പഞ്ചായത്ത്)
2. ശ്രീ.സിജി മത്തായി, അസി.എഞ്ചിനിയർ (നിലവിൽ അങ്കമാലി മുനിസിപ്പാലിറ്റി)
3. ശ്രീ.രാജേഷ്.പി.കെ,ഓവർസിയർ (നിലവിൽ ചേന്ദമംഗലം ഗ്രാമ പഞ്ചായത്ത്)
   **(1-3 തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)**
4. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം. **(ഈ ഉത്തരവു പ്രകാരമുള്ള തുടർ നടപടിയ്ക്കായി)**
5. തദ്ദേശ സ്വയംഭരണ(EWB)വകുപ്പ് (DPC List സംബന്ധിച്ച നടപടിയ്ക്കായി)
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരള, തൃശ്ശൂർ.
7. വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
8. കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (EWA3/169/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Asha. R
Date: 27-01-2026 10:22:27

സെക്ഷൻ ഓഫീസർ